**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399</u>** **<u>27-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിങ്ങുകളിലെ ഒഴിവുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിങ്ങുകളിലായി എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ സ്ഥിരമായി നികത്താൻ നടപടികളായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിങ്ങുകളിൽ ഒഴിവുള്ള തസ്തികകളുടെ വിശദ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br><br>അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിലെ ഒഴിവ് സർക്കാർ തലത്തിൽ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പി.എസ്.സി പട്ടിക നിലവിലില്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒന്നാം തരം ഓവർസിയർ തസ്തികയിലെ ഒഴിവുകൾ, പ്രസ്തുത തസ്തികയിൽ നിലവിൽ വന്നിട്ടുള്ള പി.എസ്.സി റാങ്ക് പട്ടികയിൽ നിന്നും ഉദ്യോഗാർത്ഥികൾക്കുള്ള നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്കോ, സ്ഥലംമാറ്റം മുഖേനയോ നികത്തുന്നതാണ്. രണ്ടാം തരം ഓവർസിയർ തസ്തികയിലെ ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്തുന്നതാണ്. മൂന്നാം തരം ഓവർസിയർ തസ്തികയിലെ ജില്ലാ തല നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജില്ലാ തല റാങ്ക് പട്ടിക നിലവിൽ വന്ന്, നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ നിയമനം നൽകുന്നത് വഴിയോ, സ്ഥലം മാറ്റം വഴിയോ പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. ക്ലർക്ക് തസ്തികയിലെ ഒഴിവ് പി.എസ്.സി/ സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം മുഖേന നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഒഴിവുള്ള തസ്തികകൾ | എണ്ണം |
|---|---|---|
| 1 | അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ | 1 |
| 2 | അസി. എഞ്ചിനിയർ | 10 |
| 3 | ഓവർസിയർ ഗ്രേഡ് I | 7 |
| 4 | ഓവർസിയർ ഗ്രേഡ് II | 1 |
| 5 | ഓവർസിയർ ഗ്രേഡ് III | 13 |
| 6 | ക്ലർക്ക് | 1 |